# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 575 — 10-06-2014-ൽ മറുപടിക്ക്.

## ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി. രാജേഷ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതിക്ക് ചട്ടപ്രകാരം ആവശ്യമായ എല്ലാ അനുമതികളും ലഭിച്ചതിന് ശേഷമാണ് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചത്. 1962 ലെ പെട്രോളിയം ധാതു പൈപ്പ്ലൈൻ ആക്റ്റ് പ്രകാരം കോമ്പിറ്റന്റ് അതോറിറ്റിയെ (C.A.) നിയമിക്കുകയും ആക്ടിലെ സെക്ഷൻ 3(1), 6(1) പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. കേരളത്തിൽ മൊത്തം 7 ജില്ലകളിലായി പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായുള്ള Right of use (ROU) നടപടികൾ ആകെയുള്ള 505 കി.മീറ്ററിൽ 415 കി.മീറ്ററിൽ നടത്തി കഴിഞ്ഞു. ബാക്കി ഭാഗങ്ങളിൽ നടപടികൾ പുരോഗമിച്ച് വരുന്നു. പൈപ്പ്ലെൻ പദ്ധതിക്കുള്ള പൈപ്പ്, ഉപകരണങ്ങൾ എന്നിവ പദ്ധതി പ്രദേശത്ത് എത്തിച്ചു കഴിഞ്ഞു. കരാറടിസ്ഥാനത്തിലാണ് പൈപ്പ്ലൈൻ നിർമ്മാണം പുരോഗമിക്കുന്നത് കേരളത്തിലുള്ള 31 സെക്ഷനൈസിംഗ് വാൽവ് / |

ഇന്റർമീഡിറ്റ് പിഗ്ഗിംഗ് (SV / IP) സ്റ്റേഷൻ എന്നിവയ്ക്ക് വേണ്ടിയുള്ള സ്ഥലമെടുപ്പിൽ സംസ്ഥാന സർക്കാരിന്റെ നടപടികൾ അന്തിമ ഘട്ടത്തിലാണ്.

**(ബി)** കണ്ണൂർ ജില്ലയിൽ ഏതൊക്കെ സ്ഥലങ്ങളിലൂടെയാണ് പൈപ്പ് ലൈൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; പ്രസ്തുത പ്രദേശങ്ങളിലെ സ്ഥലം ഏറ്റെടുക്കൽ നടപടിയുടെ പുരോഗതി അറിയിക്കുമോ;

**(ബി)** കണ്ണൂർ ജില്ലയിൽ തലശ്ശേരി, കണ്ണൂർ, തളിപ്പറമ്പ് എന്നീ താലൂക്കുകളിലൂടെയാണ് പൈപ്പ്ലെൻ വിന്യസിക്കുന്നത്. P& AP Act പ്രകാരമുള്ള 3(1), 6(1) എന്നീ വിജ്ഞാപനങ്ങൾ കേന്ദ്ര ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിച്ചു കഴിഞ്ഞു.

**(സി)** ഭൂമി നഷ്ടപ്പെടുന്നവർക്ക് ഏതു വിധത്തിലുള്ള നഷ്ടപരിഹാരമാണ് നൽകാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

**(സി)** ഭൂമി നഷ്ടപ്പെടുന്നവർക്ക് പുതിയ എൽ.എ. ആക്ട് 2013 (THE RIGHT TO FAIR COMPENSATION AND TRANSPARENCY IN LAND ACQUISITION REHABILITATION AND RESETTLEMENT ACT) സെക്ഷൻ 30(2), ഫസ്റ്റ് ഷെഡ്യൂൾ അനുസരിച്ചുള്ള നഷ്ടപരിഹാരം നൽകുന്നതാണ്.

ROU പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് ന്യായവിലയുടെ 5 ഇരട്ടി മാർക്കറ്റ് വിലയായി കണക്കാക്കി ആയതിന്റെ 10% നഷ്ടപരിഹാരമായി നിശ്ചയിച്ചുകൊണ്ട് 04/06/2013 തീയതിയിലെ സ.ഉ.(ആർ.ടി.) 3195/13/ആർ.ഡി. നമ്പർ പ്രകാരം സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ